ഫോൺ നമ്പർ :0484-2101485
0484-2346091
0484-2342485
ഇമെയിൽ : ceokl@wakf.gov.in
വെബ്സൈറ്റ് : www.keralastatewakfboard.in

# കേരള സംസ്ഥാന വഖഫ് ബോർഡ്

മുഖ്യകാര്യാലയം, വി.ഐ.പി.റോഡ്,
കലൂർ, കൊച്ചി - 682 017

നമ്പർ: A2-3159/CR

തീയതി : 06-10-2018

## കേരള സ്റ്റേറ്റ് വഖഫ് ബോർഡ്

### വസ്തു ലീസ് ടെണ്ടർ/ലേല വിജ്ഞാപനം

കേരള സംസ്ഥാന വഖഫ് ബോർഡിൽ 3159/RA, നമ്പറായി രജിസ്റ്റർ ചെയ്തിട്ടുള്ള കാളിപ്പറമ്പിൽ മുഹമ്മദ് ഹാജി ധർമ്മ സ്ഥാപനം വഖഫിനവകാശപ്പെട്ട എറണാകുളം ജില്ല കോട്ടുവള്ളി വില്ലേജിൽ സർവ്വെ 177/4 A, 4B, 4C-യിൽ 1ഏക്കർ 60 സെന്റ് വസ്തു പ്രതിമാസം 58,080/- രൂപയിൽ കുറയാത്ത നിരക്കിൽ 30 വർഷത്തേക്ക് 1995-ലെ വഖഫ് നിയമം 56-ാം വകുപ്പിനും 2014-ലെ കേന്ദ്ര സർക്കാരിന്റെ വഖഫ് പ്രോപ്പർട്ടീസ് ലീസ് റൂൾസിനും വിധേയമായി ലീസിന് നൽകുവാൻ ഉദ്ദേശിക്കുന്നു. മേൽ വസ്തുവിൽ പ്രൊഫഷണൽ കോളേജ് ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങുവാൻ താൽപ്പര്യമുള്ള വ്യക്തികളോ സ്ഥാപനങ്ങളോ ഉണ്ടെങ്കിൽ അവരുടെ ടെണ്ടറുകളും ലേല അപേക്ഷകളും 16/11/2018-ാം തീയതി ഉച്ചയ്ക്ക് 2.00 മണിക്കകം ബോർഡിൽ സമർപ്പിക്കേണ്ടതാണ്. ലേലവും ടെണ്ടർ പരിശോധനയും 17/11/2018-ാം തീയതി രാവിലെ 11.00 മണിക്ക് ബോർഡ് ഓഫീസിൽ വച്ച് നടത്തപ്പെടുന്നതാണ്. നിരതദ്രവ്യമായി 5 ലക്ഷം രൂപ അടക്കേണ്ടതാണ്. ലേലം/ടെണ്ടർ വ്യവസ്ഥകളും, ഫോമുകളും www.keralastatewakfboard.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

ജൂനിയർ സൂപ്രണ്ട്

Sa.

THE KERALA STATE WAQF BOARD * KOCHI-682 017 *

# കേരള സ്റ്റേറ്റ് വഖഫ് ബോർഡ്, എറണാകുളം

## വസ്തു ലീസ് / ലേല അപേക്ഷാ ഫാറം.

| | | |
|---|---|---|
| 1. | പേര് | |
| 2. | ഫോൺ നമ്പർ | |
| 3. | ആധാർ കാർഡ് നമ്പർ | |
| 4. | പിതാവിന്റെ പേര് | |
| 5. | വീട്ടുപേര് | |
| 6. | പ്രാദേശിക സ്ഥലപ്പേര് | |
| 7. | പോസ്റ്റ് ഓഫീസ് | |
| 8. | വില്ലേജ് | |
| 9. | താലൂക്ക് | |
| 10. | ജില്ല | |
| 11. | പാൻ കാർഡ് നമ്പർ (കോപ്പി ഹാജരാക്കേണ്ടതാണ്) | |
| 12. | നിരതദ്രവ്യ സംഖ്യ | |
| 13. | വഖ്ഫിന്റെ പേര് | |
| 14. | വില്ലേജ് | |
| 15. | സർവ്വെ നമ്പർ | |
| 16. | വസ്തു സംബന്ധിച്ച വിവരങ്ങൾ | |

മറുപുറം....2/-

## *സത്യപ്രസ്താവന*

മേൽ വിവരിച്ച വസ്തു ലീസ് ലേലത്തിൽ പങ്കെടുക്കുവാൻ ഞാൻ ആഗ്രഹിക്കുകയും ആയതിന് അപേക്ഷിക്കുകയും ചെയ്യുന്നു. 2014ലെ വഖ്ഫ് പ്രോപ്പർട്ടി ലീസ് റൂൾസിലെ നിബന്ധനകൾക്ക് വിധേയമായി പ്രവർത്തിച്ച് കൊള്ളാമെന്ന് ഞാൻ സമ്മതിച്ചിരിക്കുന്നു.

സ്ഥലം : ഒപ്പ് :

തീയ്യതി : പേര്:

---

*ഓഫീസ് ഉപയോഗത്തിന്*

ശ്രീ.................................................................... എന്നയാളിൽ നിന്നും .......................... തീയ്യതി...........മണിക്ക് അപേക്ഷാ പ്രകാരമുള്ള വസ്തു ലീസ് നിരതദ്രവ്യമായി ............ രൂപ സ്വീകരിക്കുകയും അതുപ്രകാരം അപേക്ഷകനെ ലേലത്തിൽ പങ്കെടുക്കുന്നതിന് അനുവദിക്കുകയും ചെയ്തിരിക്കുന്നു.

തീയ്യതി : ജൂനിയർ സൂപ്രണ്ട്

ഫോൺ നമ്പർ :0484-2101485
0484-2346091
0484-2342485
ഇമെയിൽ : ceokl@wakf.gov.in
വെബ്സൈറ്റ് : www.keralastatewakfboard.in

# കേരള സംസ്ഥാന വഖഫ് ബോർഡ്

മുഖ്യകാര്യാലയം, വി.ഐ.പി.റോഡ്,
കലൂർ, കൊച്ചി - 682 017

## വസ്തു ലീസ് - ലേലം /ടെണ്ടർ
## നിബന്ധനകൾ

1. ലേലത്തിൽ പങ്കെടുക്കുന്നവർ നിശ്ചിത ഫോറത്തിൽ അപേക്ഷിക്കേണ്ടതും ഫോട്ടോ പതിച്ച ഏതെങ്കിലും അംഗീകൃത തിരിച്ചറിയൽ രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പും ഹാജരാക്കേണ്ടതുമാണ്.
2. ലേലം /ടെണ്ടറിൽ പങ്കെടുക്കുന്നവർ 5 ലക്ഷം രൂപ നിരതദ്രവ്യവും നിശ്ചിത ഫാറത്തിൽ തയ്യാറാക്കിയ ടെണ്ടറും സീൽ വച്ച കവറുകളിൽ 16-11-2018-ാം തീയ്യതി ഉച്ചയ്ക്ക് 2.00 മണിക്കുള്ളിൽ കലൂർ വി.ഐ.പി. റോഡിലുള്ള കേരള സ്റ്റേറ്റ് വഖഫ് ബോർഡ് ഹെഡ്ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.
3. നിരതദ്രവ്യം സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, കലൂർ ബ്രാഞ്ചിൽ മാറാവുന്ന തരത്തിൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള സ്റ്റേറ്റ് വഖഫ് ബോർഡ് എന്ന വിലാസത്തിൽ എടുത്തതായിരിക്കണം.
4. ടെണ്ടർ സമർപ്പിക്കുന്നവർ കവറിന് പുറത്ത് പൂർണ്ണമായ മേൽ വിലാസവും ഫോൺ നമ്പറും, കാളിപറമ്പിൽ മുഹമ്മദ് ഹാജി ധർമ്മസ്ഥാപനം വസ്തു ലീസ് ടെണ്ടർ എന്നും എഴുതിയിരിക്കേണ്ടതാണ്.
5. ടെണ്ടറിനോടൊപ്പം നിരതദ്രവ്യം അടച്ചവർക്ക് ലേലത്തിൽ പങ്കെടുക്കുന്നതിന് വീണ്ടും നിരതദ്രവ്യം അടക്കേണ്ടതില്ല.
6. 17-11-2018-ാം തീയ്യതി രാവിലെ 11.00 മണിക്ക് ലേലം നടത്തുന്നതും ലേലത്തിനു ശേഷം ഹാജറുള്ള ആളുകളുടെ സാന്നിദ്ധ്യത്തിൽ ടെണ്ടറുകൾ തുറന്ന് പരിശോധിക്കുന്നതുമാണ്.
7. ലേലത്തിലും ടെണ്ടറിലും പങ്കെടുക്കുന്നവർ മുതവല്ലി, കാളിപറമ്പിൽ മുഹമ്മദ് ഹാജി ധർമ്മസ്ഥാപനം, കാളിപറമ്പിൽ, കൈതാരം - 683 519, കോട്ടുവള്ളി, നോർത്ത് പറവൂർ എന്ന വിലാസത്തിൽ ബന്ധപ്പെട്ട് വസ്തുവും രേഖകളും പരിശോധിച്ച് ബോദ്ധ്യപ്പെടേണ്ടതാണ്.
8. വസ്തു ലീസിന് നൽകുന്നതിന് ടെണ്ടർ / ലേലം മുഖേന ഏറ്റവും കൂടുതൽ തുകയ്ക്കുള്ള ലേലം /ടെണ്ടർ സമർപ്പിച്ചയാളുടെ പേരിൽ താൽക്കാലികമായി ഉറപ്പിക്കുന്നതും, ബോർഡ് തീരുമാനത്തിന് വിധേയമായി സ്ഥിരപ്പെടുത്തുന്നതുമാണ്.
9. എളുപ്പത്തിലും സൗകര്യപ്രദമായും ലേലം നടത്തുന്നതിന് 1000/-രൂപയുടെ ഗുണിതത്തിൽ ലേലം നടത്തപ്പെടുന്നതാണ്.

10. ഏറ്റവും കൂടുതൽ സംഖ്യക്ക് ലേലം / ടെണ്ടർ സമർപ്പിക്കുന്നയാൾ 24 മാസത്തെ വാടക സെക്യൂരിറ്റി തുകയായി ലേലം താൽക്കാലികമായി ഉറപ്പിച്ച് 5 ദിവസത്തിനുള്ളിൽ ഡിമാന്റ് ഡ്രാഫ്റ്റായി ബോർഡ് ഹെഡ്ഓഫീസിൽ അടക്കേണ്ടതാണ്. അപ്രകാരം അടക്കാത്ത പക്ഷം ടിയാന്റെ ഓഫർ നിരസിക്കുന്നതും നിരതദ്രവ്യത്തിൽ നിന്നും 20% കുറവ് വരുത്തിയതിന് ശേഷം മാത്രമേ തിരികെ നൽകുകയുള്ളൂ.
11. പ്രസ്തുത ടെണ്ടർ /ലേലം ബോർഡ് അംഗീകരിച്ച ശേഷം ടെണ്ടർ / ലേലം കൊണ്ട വ്യക്തിയെ രേഖാമൂലം അറിയിക്കുന്നതും ലേലം ഉറപ്പിച്ചയാളുടെ പേരിൽ മാത്രം വാടക കരാർ എഴുതുന്നതുമായിരിക്കും.
12. ലേല ദിവസം ഏതെങ്കിലും കാരണത്താൽ അവധിയായാൽ തൊട്ടടുത്ത പ്രവൃത്തി ദിവസം മേൽപ്പറഞ്ഞ സ്ഥലത്തും സമയത്തും ലേലം നടത്തുന്നതാണ്.
13. ടെണ്ടർ /ലേലം നിരാകരിക്കാനും നിർത്തി വയ്ക്കാനുമുള്ള പൂർണ്ണ അധികാരം ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമാണ്.

ജൂനിയർ സൂപ്രണ്ട്

തീയ്യതി : 06/10/2018